പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2081

08.12.2014 ൽ മറുപടി **നൽകേണ്ടിയിരുന്നത്**

## ലോക്കൽ പോലീസ് സേനയിലെ ഉദ്യോഗക്കയറ്റം സംബന്ധിച്ച്

| ചോദ്യം<br>**ശ്രീ. കെ. അജിത്** | മറുപടി<br>**ശ്രീ. രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി ലോക്കൽ പോലീസ് സേനയിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ, എഎസ്.ഐ., എസ്.ഐ. തസ്തികകളിൽ പ്രമോഷൻ നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പോലീസ് സേനയിലെ എ.ആർ, കെ.എ.പി. വിഭാഗങ്ങൾ തമ്മിൽ സീനിയോരിറ്റി സംബന്ധമായുണ്ടായിരുന്ന കേസിന്റെ കോടതിവിധി എന്താണെന്നും ഈ വിധി നടപ്പാക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കുമോ; പ്രസ്തുത കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) ബഹു. ഹൈക്കോടതിയുടെ WP(C) 17133/2007 എന്ന കേസിലെ 12.03.2010 -ലെ വിധിയിൽ, സർക്കാർ ഉത്തരവ് (പി) 33/89 ആഭ്യന്തരം തീയതി 10.03.1989 എന്ന ഉത്തരവ് നടപ്പിലാക്കുവാൻ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത വിധി തടഞ്ഞുകൊണ്ട് മേൽ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുണ്ടായി. (കോടതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| സി) പ്രസ്തുത വിധിയെ തുടർന്ന് പോലീസ് ഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട സേനാ വിഭാഗങ്ങളുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ തുടർനടപടികൾ ഏതു ഘട്ടംവരെ ആയെന്നും വെളിപ്പെടുത്തുമോ; | സി) GO(Ms)37/15/Home dt 26.02.2015 പ്രകാരം അർഹരായവർക്കെല്ലാവർക്കും താത്ക്കാലിക അപ്ഗ്രഡേഷൻ വഴി പ്രൊമോഷൻ നല്കിയിട്ടുണ്ട്. |

| | |
|---|---|
| ഡി) താഴ്ന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം ലഭിക്കാത്തതുമൂലം അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും താഴ്ന്ന റാങ്കിൽ വിരമിക്കേണ്ടിവരികയും ചെയ്യുന്ന കാര്യവും ഇത് ഉദ്യോഗസ്ഥരിൽ അസംതൃപ്തി ഉണ്ടാക്കുമെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഇ) പോലീസ് സേനയിൽ സ്തംഭനാവസ്ഥയിലായ പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ: എന്നുമുതൽ പ്രൊമോഷൻ നടപടികൾ നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | ഡി) & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി GO(Ms)37/15/Home dt 26.02.2015 പ്രകാരം അർഹരായവർക്കെല്ലാം താത്കാലിക അപ്ഗ്രഡേഷൻ വഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്